**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 392** | **01-11-2021 - ൽ മറുപടിയ്ക്ക്**

**രാജ്യാന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തേക്കുള്ള ടൂറിസ്റ്റ് വിസ പുന:സ്ഥാപിച്ച പശ്ചാത്തലത്തിൽ രാജ്യാന്തര വിനോദ സഞ്ചാരികൾ 2021 നവംബർ രണ്ടാം വാരത്തോടെ സംസ്ഥാനത്തേക്ക് എത്തുന്ന സാഹചര്യം പരിഗണിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ; | (എ) | കോവിഡിന്റെ വ്യാപനത്തെ തുടർന്ന് നിർത്തി വച്ചിരുന്ന ടൂറിസ്റ്റ് വിസ പുനഃസ്ഥാപിക്കാനുള്ള തീരുമാനം കേന്ദ്ര സർക്കാർ കൈകൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിലേക്ക് എത്തുന്ന രാജ്യാന്തര വിനോദ സഞ്ചാരികളെ സ്വീകരിക്കുവാൻ വിപുലമായ ഒരുക്കമാണ് ടൂറിസം വകുപ്പ് നടത്തിയത്. കോവിഡ് ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളാണ് ആദ്യം സ്വീകരിച്ചത്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ നൂറുശതമാനം വാക്സിനേറ്റ് ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പുമായി ചേർന്ന് പ്രത്യേക വാക്സിനേഷൻ പദ്ധതി നടപ്പാക്കി. വയനാട്ടിലെ വൈത്തിരിയിലാണ് തുടങ്ങിയത്. വയനാട് ജില്ല നൂറ് ശതമാനം ആദ്യ ഡോസ് നൽകുന്ന ജില്ല ആയി മാറി. ഇതനുസരിച്ച് വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ ഭൂരിഭാഗം ജീവനക്കാരേയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ എല്ലാംതന്നെ ഒരു ബയോബബിൾ സുരക്ഷാവലയത്തിലാക്കാൻ കഴിഞ്ഞു. കൂടാതെ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുവാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണപ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇതോടൊപ്പം സംസ്ഥാനത്തെ ടൂറിസം മേഖലയുടെ നിലനിൽപ്പിനും സഞ്ചാരികളെ വരവേൽക്കാനുള്ള തയ്യാറെടുപ്പിനായി വിവിധ സഹായപദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ രംഗത്ത് മുതൽ മുടക്കിയിരിക്കുന്ന സംരംഭകരെയും തൊഴിലാളികളേയും |

| | | | |
|---|---|---|---|
| | | | സഹായിക്കുവാൻ നടപ്പാക്കിയ വായ്പാപദ്ധതിയും, ഹൗസ് ബോട്ടുകൾക്കുള്ള ഒറ്റത്തവണ മെയിന്റനൻസ് ഗ്രാന്റും ഇപ്പോഴും തുടർന്നുവരുന്നു. അംഗീകൃത ടൂറിസം ഗൈഡുകൾക്കും 10000 രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുകയുണ്ടായി. ഇതോടൊപ്പം ഇപ്പോഴും പ്രയാസം അനുഭവിക്കുന്ന ടൂറിസം മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളെ സഹായിക്കാൻ പലിശരഹിതമായ ഒരു റിവോൾവിംഗ് ഫണ്ട് പദ്ധതിയ്ക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | രാജ്യാന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യ ടൂറിസം മേഖലയുടെ വികസനവും പ്രചരണവും മുൻനിർത്തി കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോവിഡിന് ശേഷം സംസ്ഥാനത്തെ ആരോഗ്യ ടൂറിസം മേഖലയ്ക്ക് വലിയ സാധ്യതയാണ് കാണുന്നത്. ആയുർവ്വേദത്തിന് കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കാണുള്ളത്. എന്നാൽ കോവിഡാനന്തര കാലഘട്ടത്തിൽ ആയുർവ്വേദചികിത്സ കൂടി ലക്ഷ്യം വച്ച്കൊണ്ട് സംസ്ഥാനത്തേക്ക് മുൻകാലത്തേക്കാൾ കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുമെന്നാണ് കരുതുന്നത്. സംസ്ഥാനത്ത് ആയുർവ്വേദടൂറിസം പ്രോത്സാഹിപ്പിക്കാനായി ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിന് ടൂറിസം വകുപ്പ് രൂപം നൽകി വരുന്നുണ്ട്. കൂടാതെ ഈ വർഷം നടക്കുന്ന WTM -ലണ്ടൺ എന്ന അന്താരാഷ്ട്ര ടൂറിസം മേളയിൽ സംസ്ഥാനത്തെ ആയുർവ്വേദത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചിക്കുന്നതാണ്. |
| (സി) | ടൂറിസം മേഖലയിലെ പാരമ്പര്യ ചികിത്സ കേന്ദ്രങ്ങളിൽ രാജ്യാന്തര ടൂറിസ്റ്റുകൾ കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ടൂറിസം മേഖലയിൽ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളിൽ വിദേശവിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനും, കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ക്ലാസിഫിക്കേഷൻ സിസ്റ്റം ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദസെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള ഗുണനിലവാരമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു. |

സെക്ഷൻ ഓഫീസർ